**KUTTIPPURAM Sub dist.**

# Silent Bells

**ഫസ്റ്റ്ബെൽ – അനുബന്ധ പഠനസഹായകസാമഗ്രി**

▶ PLAY

| **Class:** X | **Subject:** Malayalam AT | **Date:** 16/09/2020 | **Worksheet No:** 2 |
|---|---|---|---|

**Lesson & LO:** പാവങ്ങൾ

mathrubhumi.com

**ഇടശ്ശേരിയുടെ വരികൾക്കിടയിൽ ചുള്ളിക്കാട് വിതുമ്പി**

5 Jan 2020, 07:41 AM IST




മാതൃഭൂമി അന്താരാഷ്ട്ര അക്ഷരോത്സവത്തിത്തിന്റെ ഭാഗമായി കണ്ണൂരിൽനടന്ന പ്രഭാഷണ പരമ്പരയ്ക്കിടെ വിതുമ്പുന്ന കവി ബാലചന്ദ്രൻ ചുള്ളിക്കാട്

**കണ്ണൂർ:**പൊള്ളുന്നകാലത്തെ സാക്ഷിനിർത്തി ഒരു മഹാകവിയുടെ വരികൾ മറ്റൊരു കവി നെഞ്ചിൽ തൊട്ടെടുത്തപ്പോൾ ഉള്ളാകെയുലഞ്ഞ് വിതുമ്പിപ്പോയി. കവിളിലേക്ക് കണ്ണീരടർന്നു. അഭയാർഥികളായി ലോകത്തിന്റെ പലഭാഗത്തും അലയേണ്ടിവന്ന മനുഷ്യന്റെ മഹാദുരന്തം വിവരിക്കുന്നതിനിടെ ഇടശ്ശേരിയുടെ വരികൾ ചൊല്ലിയപ്പോൾ കവി ബാലചന്ദ്രൻ ചുള്ളിക്കാടാണ് കരഞ്ഞുപോയത്. തുടർന്ന് വാക്കുകൾ കിട്ടാതെ ഒരുനിമിഷം അദ്ദേഹം നിശ്ശബ്ദനായി.

'മാതൃഭൂമി' അന്താരാഷ്ട്ര അക്ഷരോത്സവത്തിന്റെ ഭാഗമായി കണ്ണൂരിൽനടന്ന പ്രഭാഷണപരമ്പരയിൽ 'ചുരുങ്ങുന്ന ഇടങ്ങൾ, അതിജീവിക്കുന്ന വാക്കുകൾ' എന്ന വിഷയത്തിൽ സംസാരിക്കയായിരുന്നു അദ്ദേഹം.

ഇടശ്ശേരിയുടെ 'കുടിയിറക്കൽ' എന്ന കവിതയിൽ

'കഴൽവെപ്പ് താങ്ങേണ്ടൂ ഒരു പിടി മൺപോലും

കടമായിട്ടല്ലയോ കൈവരുന്നു' എന്ന വരികൾ ചൊല്ലിയപ്പോഴാണ് അദ്ദേഹം നിയന്ത്രണംവിട്ടത്.

പൊന്നാനിയിലെ ഒരു കുടിയിറക്ക് നേരിട്ടുകണ്ടതിന്റെ ആഘാതത്തിൽ ലോകംമുഴുവൻ കുടിയിറക്കപ്പെടുന്ന മനുഷ്യരുടെ വേദനയിലേക്ക് ഇടശ്ശേരി എത്തുകയാണ്. 'കുടിയിറക്കപ്പെട്ടവരേ, കൂട്ടരേ പറയുവിൻ പറയുവിൻ, ഏതുരാജ്യക്കാർ നിങ്ങൾ' എന്നും കവി ചോദിക്കുന്നുണ്ട്. ഇതുചോദിച്ച ഇടശ്ശേരി രാജ്യദ്രോഹിയാണെങ്കിൽ താനും രാജ്യദ്രോഹിയാണ്.

'കുടിയിറക്കപ്പെട്ടവരേ, കൂട്ടരേ പറയുവിൻ പറയുവിൻ, ഏതുരാജ്യക്കാർ നിങ്ങൾ' എന്നും കവി ചോദിക്കുന്നുണ്ട്. ഇതുചോദിച്ച ഇടശ്ശേരി രാജ്യദ്രോഹിയാണെങ്കിൽ താനും രാജ്യദ്രോഹിയാണ്. അമ്പതുകളിൽ എഴുതിയ കവിത ഈ കാലത്തെ കാണിച്ചുതരുന്നു. എന്നുവരെ ചൂഷണം തുടരുന്നുവോ, എന്നുവരെ യാതന തുടരുന്നുവോ, എന്നുവരെ അനീതി തുടരന്നുവോ അന്നുവരെ അതിനെതിരായ വാക്ക് അതിജീവിക്കും. അങ്ങനെയാണ് ലോകത്തിലെ വാക്കുകൾ അതിജീവിക്കുന്നത്- അദ്ദേഹം പറഞ്ഞു.







ചിത്രത്തിൽ ക്ലിക്ക് ചെയ്യുക

വൈലോപ്പിള്ളി പാടിയതുപോലെ 'ചെമ്പിലൊരമ്പഴക്കായ പുഴുങ്ങി ചേറ്റിൽ വിളമ്പിത്തന്നാലും ജീവിച്ചിടണമെന്നേ മോഹം. അതാണ്, മതത്തെക്കാൾ മനുഷ്യനു ജീവിതതൃഷ്ണ' - ചുള്ളിക്കാട് പറഞ്ഞു.

**1. വാർത്ത ശ്രദ്ധിച്ചല്ലോ. ഇടശ്ശേരിയുടെ കുടിയിറക്കൽ എന്ന കവിതയെക്കുറിച്ചാണ് ബാലചന്ദ്രൻ ചുള്ളിക്കാട് സംസാരിച്ചത്.പ്രസംഗത്തിനിടെ ചുള്ളിക്കാട് വിതുമ്പിയത് എന്തിനാവാം? കുടിയിറക്കൽ എന്ന കവിത എക്കാലത്തും എവിടെയും പ്രസക്തമാകുന്നത് എന്തുകൊണ്ടാകും കുറിക്കൂ.... കാലാതീതമായി നിൽക്കുന്ന സാഹിത്യരചനകളുടെ പ്രത്യേകതകൾ എന്തൊക്കെയാണ്?**

**സൂചനകൾ : മനുഷ്യ ജീവിതാവസ്ഥകൾ പ്രതിഫലിപ്പിക്കുന്നു, കാലത്തോട് സംവദിക്കുന്നു**



ഞാനാരെന്നു കണ്ടെത്തുന്നവൻ
താനാരെന്നും കണ്ടെത്തും,
എന്തിനെന്നും എവിടെയെന്നും
കണ്ടെത്തും.
അനീതിയുടെ വ്യാപ്തികൾ
പണ്ടേ ഞാൻ
കണ്ടറിഞ്ഞിരിക്കുന്നു.
വിശപ്പെന്നാൽ വിശപ്പെന്നു
തന്നെയല്ല,
മനുഷ്യനെ
അളക്കാനുള്ളൊരളവുമാണ്.
കാറ്റും തണുപ്പും അളവുകൾ
തന്നെ.

അഭിമാനിയായ ഒരാൾ ഒരുനൂറു
വിശപ്പുകൾ കടിച്ചമർത്തി,
പിന്നെ നിലംപറ്റി.
പെഡ്രോ മണ്ണിനടിയിലായത്
നൂറാമത്തെ മഞ്ഞുവീഴ്ചയ്ക്ക്.
ഒരു കാറ്റടിച്ചപ്പോഴേ പാവം
കുടിൽ തറപറ്റി.
പിന്നെ ഞാൻ പഠിച്ചു,
ഗ്രാമും സെന്റീമീറ്ററും നാവും
കരണ്ടിയും
ആർത്തിയുടെ
അളവുകളാണെന്ന്;

ക്ലേശങ്ങൾ സഹിച്ച ഒരു
മനുഷ്യൻ
വൈകാതെയൊരു
കുഴിയിലേക്കു വീഴുന്നു,
സർവ്വതും മറക്കുകയും
ചെയ്യുന്നു.
അത്രേയുള്ളു.
അതാണത്രേ അരങ്ങ്,
വരം,വെളിച്ചം, ജീവിതം.
വിശപ്പും തണുപ്പും
സഹിയ്ക്കുക,
ചെരുപ്പില്ലാതെ നടക്കുക,
ജഡ്ജിയുടെ മുന്നിൽ, അന്യന്റെ
മുന്നിൽ,

ജഡ്ജിയുടെ മുന്നിൽ, അന്യന്റെ
മുന്നിൽ,
വാളോ പേനയോ
കൈയിലെടുത്ത
അന്യജീവിയുടെ മുന്നിൽ
പേടിച്ചുനിൽക്കുക,അതാണു
സംഗതി;
കുഴിച്ചും മുറിച്ചും,
തുന്നിയും, അപ്പമുണ്ടാക്കിയും,
ഗോതമ്പു വിതയ്ച്ചും,
തടിയ്ക്കു വേണ്ടത്ര ആണികൾ
അടിച്ചുകയറ്റിയും,
ഭൂമിയുടെ കുടലുകളിൽ
തുരന്നുകേറി
വെടിയ്ക്കുന്ന കൽക്കരിയെ
കണ്ണു കാണാതെ
വലിച്ചു പുറത്തിട്ടും,
പുഴകളും മലകളും കയറിയും,
കുതിരകളെ ഓടിച്ചും,
കപ്പലോട്ടിയും,

ഓടു ചുട്ടും, ഗ്ലാസ്സൂതിയും,
പുതിയൊരു രാഷ്ട്രം
സ്ഥാപിക്കും പോലെ,
കുല കുത്തിയ മുന്തിരിപ്പഴങ്ങൾ
പോലെ,
തുണികൾ അലക്കിവിരിച്ചും
തൃപ്തിയടയാൻ മനുഷ്യൻ
മനസ്സു വയ്ക്കുമ്പോൾ
അങ്ങനെ വരുന്നില്ല കാര്യങ്ങൾ.
കണ്ടെത്തുകയായിരുന്നു ഞാൻ
ദുരിതത്തിന്റെ നിയമങ്ങൾ,
ചോരക്കറ പറ്റിയ
സ്വർണ്ണസിംഹാസനം,
സ്വാതന്ത്ര്യമെന്ന വ്യഭിചാരം,
മേലുടുപ്പില്ലാത്തൊരു ദേശം,
മുറിപ്പെട്ട, തളർന്ന ഹൃദയം,

പിന്നെ,ചരൽക്കല്ലുകൾ പോലെ
വീഴുന്ന
മരിച്ചവരുടെ ശബ്ദങ്ങളും,
വരണ്ടും, കണ്ണീരില്ലാതെയും.
എന്റെ ജനതയ്ക്കു
പറഞ്ഞിട്ടുള്ളതല്ല
ജീവിതമെന്നു ഞാൻ പഠിച്ചു,
അവർക്കു വിലക്കിയിരിക്കുന്നു
ശവക്കുഴിയെന്നും:
എന്റെ ബാല്യം തീർന്നതങ്ങനെ.

(വിവർത്തനം:
പരിഭാഷ
,രവികുമാർ വി )

**2. ലാറ്റിനമേരിക്കൻ ( ചിലി ) എഴുത്തുകാരൻ പാബ്ലോ നെരൂദയുടെ 'അനീതി 'എന്ന മുകളിൽ തന്ന കവിത വായിക്കൂ.ഈ കവിത നമ്മോടു പറയുന്നതെന്തെല്ലാമായി രിക്കും?**

**സൂചന: ദാരിദ്ര്യം, അനീതി**

വിക്ടർ ഹ്യൂഗോയുടെ പാവങ്ങൾ- LES MISERABLES



**ചിത്രത്തിൽ ക്ലിക്ക് ചെയ്യുക**

www.hsmalayalamresources.blogspot.in

**3. ഇതു പോലെ കാലാതീതമായ ഒരു കൃതിയാണ് "പാവങ്ങൾ" എന്ന് ഇന്നത്തെ ക്ലാസിൽ പറഞ്ഞല്ലോ. "പാവങ്ങളുടെ" കഥാ സംഗ്രഹവും സിനിമാ ദൃശ്യവും അനുബന്ധമായി നൽകുന്നു. പാഠഭാഗം വായിച്ച് അനുബന്ധ സാമഗ്രികളുടെ സഹായത്തോടെ നോവലിലെ പ്രധാന സംഭവങ്ങൾ ഉൾപ്പെടുത്തി പദസൂര്യൻ തയ്യാറാക്കൂ...**